# കൈയിട്ടുവാരാതെ അന്നുമിന്നും

*നിധിചരിതം: ഒരു ഫ്ലാഷ്ബാക്ക് – 3*



## എസ്. ഉമാമഹേശ്വരി

“ധർമ്മോത്സ്മത് കുലദൈവതം” എന്ന ആദർശത്തെ മുൻനിറുത്തിയാണ് തിരുവിതാംകൂർ രാജാക്കന്മാർ ഭരണം നിർവഹിച്ചിരുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഭക്ഷണത്തിനാണല്ലോ ഒന്നാംസ്ഥാനം. പ്രജകളുടെ വിശപ്പ് മാറ്റുന്നതിന് അവർ പല പദ്ധതികളും ആവിഷ്കരിച്ചിരുന്നു. അന്നദാനശീലം പണ്ടുമുതൽക്കേ ഇവരുടെ വംശത്തിലുണ്ടായിരുന്നു. മഹാഭാരത യുദ്ധം നടക്കവേ, ഒരു ചേരരാജാവ് കുരുക്ഷേത്രത്തിലെത്തി. അദ്ദേഹം പാണ്ഡവപക്ഷത്തോ, കൗരവപക്ഷത്തോ ചേർന്നില്ല. മറിച്ച്, യുദ്ധത്തിൽ പങ്കെടുത്തവർക്കെല്ലാം ഭക്ഷണം നൽകുന്ന ദൗത്യമാണ് ഏറ്റെടുത്തത്. അങ്ങനെ അദ്ദേഹത്തിന് ‘പെരുംചോറ്റുദയൻ’ എന്ന പേരും സിദ്ധിച്ചു. മാത്രമല്ല, ലോകത്തിൽ ആദ്യത്തെ ചേരിചേരാ പ്രസ്ഥാനം അങ്ങനെ ഉടലെടുത്തു. പദ്മനാഭപുരം കൊട്ടാരം സന്ദർശിച്ചിട്ടുള്ള ഏതൊരു വ്യക്തിയും അതിവിശാലമായ ഊട്ടുപുരകൾ കണ്ട് അന്തംവിട്ടുകാണും. കൊട്ടാരത്തിലെ സകല ജീവനക്കാർക്കും ഭക്ഷണം നൽകിയിരുന്നു. ചിലർ ‘അരിയും കോപ്പുമാണ്’ സ്വീകരിച്ചിരുന്നത്. ഒന്നേകാൽ കോപ്പു മുതൽ 15 കോപ്പു വരെയാണ് നൽകിയിരുന്നത്. “ഒന്നേകാൽ കോപ്പ്”-ൽ ഒന്നേകാൽ ഇടങ്ങഴി അരിയും അതിനുവേണ്ട പച്ചക്കറികൾ, ഇല, എണ്ണ, പഴം, പഞ്ചസാര, ഉപ്പ്, കൂടാതെ വിറകും ഉൾപ്പെടും. അതുപോലെ രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ജീരകവെള്ളപ്പുരകളും സംഭാരപ്പുരകളും ഉണ്ടായിരുന്നു. അങ്ങിങ്ങ് ഓലപ്പുരകൾ കെട്ടി, മരത്തോണിയിൽ സംഭാരം കലക്കിവച്ചിരിക്കും. ഇവ വഴിപോക്കർക്ക് നൽകാൻ സംഭാരമൊഴിപ്പുകാരെ ചുമതലപ്പെടുത്തിയിരുന്നു. തിരുവിതാംകൂർ രാജ്യത്തിലുടനീളം കഞ്ഞിപ്പുര ശൃംഖല സ്ഥാപിച്ചിരുന്നു. ജാതിമതഭേദമന്യേ വഴിയാത്രക്കാർക്ക് ഇത് ഏറെ

പ്രയോജനം ചെയ്തിരുന്നു. ജീവനക്കാർ കാലം ചെയ്താൽ അനന്തരാവകാശികൾ അടുത്തൂണിന് അർഹരായിരുന്നു. ഉദാ: 989 കന്നി 11ന് കുമാരവേലും മുത്തമിഴ് കവിരായന്റെ അടുത്തൂൺ മകൻ നൈയിനാപിള്ളയ്ക്ക് പതിച്ചു നൽകിയതിന് ഉത്തരവുണ്ട്.

മനുഷ്യർക്ക് മാത്രമല്ല, കന്നുകാലികൾക്കും പുല്ലും വെള്ളവും നൽകാനുള്ള സംവിധാനമുണ്ടായിരുന്നു. ഇതിനായി കോട്ടയ്ക്കകത്ത് പല സ്ഥലങ്ങളിലായി കൽത്തൊട്ടികൾ പണിതിരുന്നു. അതിൽ വെള്ളം നിറച്ചുവയ്ക്കാൻ പ്രതിമാസം 15 രൂപ ശമ്പളത്തിൽ ജീവനക്കാരെ നിയമിച്ചിരുന്നു.

അമ്പലപ്പുഴ കിഴക്കേനടയിൽ പതിവായി 150 കെട്ട് പുല്ലാണ് എത്തിച്ചിരുന്നത്. പ്രതിമാസം ഇതിനായി 1091 1/4 പണം ചെലവ് ചെയ്തിരുന്നു.

1950 വരെ അനന്തപുരിയിൽ പശുക്കൾ സ്വന്തമായിട്ടുള്ളവർ വൈകിട്ട് തെക്കേത്തെരുവ് മൈതാനത്തിൽ പൈക്കളുമായെത്തിയിരുന്നു. കന്നുകാലികൾക്ക് വേണ്ട തീറ്റപ്പുല്ലും ശുദ്ധജലവും നൽകാനുള്ള ഏർപ്പാട് മഹാരാജാവ് ചെയ്തിരുന്നു. കോട്ട വാതിലുകളിൽ കൊണ്ടുവയ്ക്കുന്ന തീറ്റപ്പുല്ല്, തൊഴുപ്പുര ജീവനക്കാർ മൈതാനത്ത് കൊണ്ടെത്തിക്കും. ''ധർമ്മപ്പുല്ല്'' നൽകുക എന്നാണ് ഈ സമ്പ്രദായത്തിന് നൽകിയിരുന്ന പേര്.

ചെങ്കോട്ടയിൽ 1811 മുതൽ മൂന്നുവർഷക്കാലം കൊടും വരൾച്ച നേരിട്ടപ്പോൾ ജനങ്ങൾ ജോലിയില്ലാതെ കഷ്ടപ്പെട്ടു. ഈ വിവരമറിഞ്ഞ മഹാറാണി ഗൗരിലക്ഷ്മിഭായി നാളൊന്നിന് അഞ്ചുപറ അരിവീതം ധർമ്മക്കഞ്ഞിക്ക് ഏർപ്പെടുത്തി. മണിയം വൈദ്യപ്പാപ്പിള്ളയ്ക്കായിരുന്നു ഇതിന്റെ ചുമതല.

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ 60-ാം പിറന്നാളിനോടനുബന്ധിച്ചാണ് തിരുവനന്തപുരത്ത് കുമാരപുരത്തുള്ള കഞ്ഞിപ്പുര സ്ഥാപിച്ചത്. സധാരണക്കാർക്ക് ദിവസവും അഞ്ചു പറ അരിവച്ച് കഞ്ഞിയും ആണ്ടുതോറും കന്നിമാസം മുതൽ മഹാരാജാവിന്റെ പിറന്നാൾ വരെ 15 പറ അരി സദ്യവട്ടത്തിന് നൽകിയിരുന്നു. ഇതിന് പ്രതിവർഷം 4300 രൂപ വേണം. അതിനാൽ രണ്ടുലക്ഷം രൂപയുടെ ഇന്ത്യാ ഗവൺമെന്റ് പത്രം വാങ്ങി. അതിലൂടെ ലഭ്യമായ പലിശയാണ് ധർമ്മക്കഞ്ഞിപ്പുര നടത്തിപ്പിന് വിനിയോഗിച്ചത്.

1934ൽ ശ്രീചിത്തിരതിരുനാൾ ശ്രീചിത്രാഹോം, വഞ്ചിപുവർ ഫണ്ട് എന്നിവ സ്ഥാപിച്ചു. മാത്രമല്ല, സ്കൂൾ വിദ്യാർത്ഥികൾക്കായി ഇന്ത്യയിലാദ്യമായി ഉച്ചക്കഞ്ഞി വിതരണം ആരംഭിച്ചതും ശ്രീചിത്തിരതിരുനാളാണ്. ആതുര സേവനരംഗത്തും ഈ പ്രവണത കാണാം. 1819ൽ, കൃത്യമായി പറഞ്ഞാൽ കുംഭം 17, 994ൽ മലയാംകുപ്പിണിയിലുള്ള ശിപായികൾക്കിടയിൽ രോഗം പടർന്നതിനാൽ തിരുവനന്തപുരം വടക്കേകോട്ടയ്ക്ക് സമീപം വലിയ സമ്പ്രതീവക കണക്ക് എഴുതിവന്ന സ്ഥലം നന്നാക്കി ആശുപത്രിക്ക് വേണ്ട സൗകര്യം ചെയ്തുകൊടുത്തു. ഡോ. പ്രോവനാണ് ചികിത്സ നിശ്ചയിച്ചിരുന്നത്. മാസം ഒന്നിന് 200 രൂപ വീതം, അറുനൂറു രൂപയ്ക്ക് 1200 പണം ഡോക്ടർക്ക് നൽകിയതായി രേഖയുണ്ട്. ഇന്നും ഇവിടെ ഒരു സർക്കാർ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയ്ക്ക് (ഭരണം 1847–1860) സ്വന്തമായി ഡിസ്പെൻസറിയുണ്ടായിരുന്നു. ഡോ. ബ്രൗൺ വിദേശത്തുനിന്നും ബോംബെ, മദിരാശി പട്ടണങ്ങളിൽ നിന്നും കുത്തിവയ്പ് ഉൾപ്പെടെയുള്ള മരുന്നുകൾ എത്തിച്ചിരുന്നു.

മഹാദാനങ്ങൾ 16 എണ്ണമുണ്ട്. ഇവയെ ഷോഡശാ മഹാദാനങ്ങൾ എന്നു പറയും. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഹിരണ്യഗർഭവും തുലാപുരുഷദാനവും. ഭാരതത്തിൽ ഇതര രാജാക്കന്മാരും തുലാഭാരം നിർവഹിച്ചിരുന്നു. 1850ലെ തുലാപുരുഷദാനത്തിന് ഏതാനും മാസങ്ങൾക്ക് മുൻപേ കൽക്കട്ടയിലെ അപ്കാർ ആൻഡ് കമ്പനിയിൽ നിന്ന് ഒരു തോലയ്ക്ക് 15 ക. മൂന്നു പൈസ പ്രകാരം 7,808 1/2 തോല സ്വർണം വാങ്ങി. ഇത് കൊണ്ടുവരാനുള്ള കടത്തുകൂലി, നികുതി എന്നിവ കൂടി ചേർത്തപ്പോൾ 1,21,598 ക 11 ണ 3 പ ചെലവായി. ഇവ ഓരോന്നും തുല്യ തൂക്കമുള്ള 16 സമകോണ ചതുർഭുജങ്ങളായിരുന്നു. ഇതിൽ 12 എണ്ണം തുലാഭാര നാണയമുണ്ടാക്കാൻ വിനിയോഗിച്ചു. ബാക്കിയുള്ളവ കരുതലായി സൂക്ഷിക്കുകയും ചെയ്തു. നാണയങ്ങളിൽ ഒരു വശത്ത് 'ശ്രീപദ്മനാഭ' എന്നും മറുവശത്ത് ശംഖുമുദ്രയും പതിച്ചിരുന്നു.

ഒന്ന്, അര, കാൽ, അരയ്ക്കാൽ കഴഞ്ചുകളിലാണ് നാണയങ്ങൾ നിർമ്മിച്ചിരുന്നത്. ഇവയ്ക്ക് യഥാക്രമം 78.65 ഗ്രാം, 39.32 ഗ്രാം, 19.66 ഗ്രാം, 9.83 ഗ്രാം തൂക്കമുണ്ടായിരുന്നു. ഒരു കഴഞ്ചുള്ള 3584 നാണയങ്ങളും അരക്കഴഞ്ചുള്ളവ 7904 ഉം കാൽ കഴഞ്ചുള്ളവ 13889 ഉം, അരയ്ക്കാൽ കഴഞ്ചുള്ളവ 15964 ഉം തയ്യാറാക്കി. തുലാസിൽ തൂക്കത്തിനായിടുന്നതിന്റെ കാൽഭാഗം പുരോഹിതന്മാർക്കാണ്. ബാക്കിയുള്ളവ ദാനം ചെയ്തിരുന്നു. 1850ൽ നടന്ന

തുലാഭാരത്തിന് 22924 കഴഞ്ച് മൂന്നു മഞ്ചാടി സ്വർണവും 1870ലെ തുലാഭാരത്തിന് 18150 കഴഞ്ച് 19 മഞ്ചാടി സ്വർണവും ചെലവായി.

തുലാപുരുഷദാനം നടത്തിയ അവസാനത്തെ മഹാരാജാവായിരുന്നു ശ്രീമൂലം തിരുനാൾ. 1936ൽ ശ്രീചിത്തിര തിരുനാൾ മഹാരാജാവിനോട് ഇത് നിർവഹിക്കാൻ പലരും ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ''ചെലവ് ഇരുപതുലക്ഷം കവിയും. ഈ തുകയ്ക്ക് റോഡുകളും ആതുരശുശ്രൂഷാ കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്താം. അങ്ങനെ അനവധി പുരോഗമന പ്രവർത്തനങ്ങൾ നടപ്പിലാക്കാം. അതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു.'' ഈ പറഞ്ഞതെല്ലാം, തിരുവിതാംകൂർ ഭരണകർത്താക്കളുടെ പ്രജാക്ഷേമ തത്പരതയെ സൂചിപ്പിക്കുന്നു. പ്രജകളുടെ ക്ഷേമമാണ് നാടിന്റെ ഐശ്വര്യം. അമിത സമ്പത്ത് ആർഭാടത്തിന് വഴിവച്ചില്ല. ലളിതമായ ജീവിതം അവർ എന്നും പിന്തുടർന്നിരുന്നു. ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ഈ രാജവംശത്തിന്റെ നിയന്ത്രണത്തിലായിരുന്നതുകൊണ്ടാണ് ഈ നിധിശേഖരം ശതാബ്ദങ്ങളായി അവിടെത്തന്നെ കാണപ്പെട്ടത് എന്നുള്ളതിൽ യാതൊരു തർക്കവുമില്ല.